17. കൊല്ലം ജില്ലാ സഹകരണ ബാങ്ക്.

18. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്.

19. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്.

20. കോട്ടയം ജില്ലാ സഹകരണ ബാങ്ക്.

21. ഇടുക്കി ജില്ലാ സഹകരണ ബാങ്ക്.

22. എറണാകുളം ജില്ലാ സഹകരണ ബാങ്ക്.

23. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്.

24. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്.

25. മലപ്പുറം ജില്ലാ സഹകരണ ബാങ്ക്.

26. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്.

27. വയനാട് ജില്ലാ സഹകരണ ബാങ്ക്.

28. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്.

29. കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്.

ജില്ലാ സഹകരണ ബാങ്കുകളിൽ മാത്രമേ പി.എസ്.സി. വഴി നിയമനങ്ങൾ നടന്നിട്ടുള്ളൂ. പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലായി വിവിധ തസ്തികകളിൽ 766 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ജില്ലാ ബാങ്കുകളിലേക്ക് ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ, അഗ്രികൾച്ചറൽ ആഫീസർ, ഡ്രൈവർ തുടങ്ങിയ തസ്തികകളിൽ നിയമനം നടത്തുന്നതിന് എല്ലാ ജില്ലകളിലും പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട്.

സഹകരണവകുപ്പിലെ എഡിറ്റർ/പബ്ലിക് റിലേഷൻസ് ആഫീസർ തസ്തിക

94 (1293) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ എഡിറ്റർ/പബ്ലിക് റിലേഷൻസ് ആഫീസർ തസ്തിക നിലവിലുണ്ടോ ;

(ബി) സർവ്വീസ് ചട്ടപ്രകാരം ഈ തസ്തികയിലെ നിയമനരീതി വിശദമാക്കാമോ ;

(സി) ഇതേ വകുപ്പിലെ തന്നെ യോഗ്യരായ എത്രപേർ ഈ തസ്തികയിൽ പ്രൊമോഷൻ വഴി നിയമനത്തിന് അർഹരായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) സർവ്വീസ് ചട്ടപ്രകാരം ഈ തസ്തികയിൽ പ്രൊമോഷൻവഴി നിയമനത്തിന് അർഹരായ ജീവനക്കാർ ഉണ്ടായിരിക്കെ സർവ്വീസിലില്ലാത്ത ആരെയെങ്കിലും കോൺട്രാക്ട് അടിസ്ഥാനത്തിൽ ഈ തസ്തികയിൽ ക്രമവിരുദ്ധമായി നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) സർവ്വീസ് ചട്ടപ്രകാരം സഹകരണ വകുപ്പിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിലോ ദിവസക്കൂലി അടിസ്ഥാനത്തിലോ നിയമനം നടത്താവുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

1. സഹകരണ വകുപ്പിലെ നിർദ്ദിഷ്ട യോഗ്യതയുള്ള അസിസ്റ്റന്റ് രജിസ്ട്രാർമാരിൽ നിന്നും നിയമിക്കാവുന്നതാണ്.
2. മുകളിൽ പറഞ്ഞവരുടെ അഭാവത്തിൽ നിർദ്ദിഷ്ട യോഗ്യതയുള്ള സീനിയർ ഇൻസ്പെക്ടർമാരിൽ നിന്നും തസ്തികമാറ്റം വഴി നിയമിക്കാവുന്നതാണ്.
3. മുകളിൽ പറഞ്ഞ രണ്ടിലും ഉള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നടത്താവുന്നതാണ്.

(സി) രണ്ടു അപേക്ഷകൾ ലഭിച്ചിരുന്നു. (ഇരുവരും നിർദ്ദിഷ്ട യോഗ്യതയുള്ളവരല്ല.)

(ഡി) ഈ തസ്തികയിൽ ചട്ടപ്രകാരമുള്ള സ്ഥിര നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ എഡിറ്റിംഗ്/പബ്ലിക് റിലേഷൻസ് രംഗത്ത് ആവശ്യമായ പരിചയസമ്പത്ത് ഉള്ള ഒരു വ്യക്തിയെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

(ഇ) സഹകരണ വകുപ്പിലെ പ്രസിദ്ധീകരണങ്ങൾ മുടങ്ങാതിരിക്കാനും, ഈ തസ്തികയുടെ അധികചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥനെ, പ്രസ്തുത ചുമതലയിൽ നിന്ന് ഒഴിവാക്കി കൊടുക്കേണ്ടിയിരുന്നതിനാലും പത്രപ്രവർത്തന രംഗത്ത് പത്തു വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയവും അക്രഡിറ്റേഷനുമുള്ള പത്രപ്രവർത്തകനെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി 7000 ക പ്രതിമാസ മൊത്ത ശമ്പളത്തിൽ നിയമിക്കാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനം, പബ്ലിക് സർവീസ് കമ്മീഷൻ വഴി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി ചാർജ്ജ് എടുക്കുന്നവരേയോ രണ്ടു വർഷത്തേക്കോ, ഏതാണോ ആദ്യം അതുവരെയാണ്, നിയമന കാലാവധി.

(എഫ്) സർവീസ് ചട്ടങ്ങൾ സ്ഥിര നിയമനത്തിനുള്ളതാണ്. അതുപ്രകാരം സ്ഥിര നിയമനം നടത്താനുള്ള നടപടികൾ വൈകുമെന്നതിനാലാണ് ഇടക്കാല നടപടിയായി കരാർ നിയമനം നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly